**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3075** **11-03-2025 - ൽ മറുപടിയ്ക്ക്**

**ചവറ-ഭരണിക്കാവ് റോഡ് ദേശീയപാതയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചവറ കെ.എം.എം.എൽ. കമ്പനിയുടെ മുന്നിൽ നിന്നും ആരംഭിച്ച് ശാസ്താംകോട്ട ഭരണിക്കാവ് വരെയുള്ള പൊതുമരാമത്ത് റോഡ് ദേശീയ പാതയായി വികസിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ചവറ കെ.എം.എം.എൽ കമ്പനിയുടെ മുന്നിൽ നിന്ന് ആരംഭിച്ച് (New NH66) ശാസ്താംകോട്ട ഭരണിക്കാവ് വരെയുള്ള റോഡ് ദേശീയ പാതയായി മാറ്റുന്നതിനായി തത്വത്തിൽ 'കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം (MORTH) പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ Alignment presentation 01.04.2022 ന റോഡ് ഗതാഗത, ഹൈവേ മന്ത്രാലയത്തിന്റെ (MORTH)) മുമ്പിൽ നടത്തുകയും മന്ത്രാലയം നൽകിയ നിർദ്ദേശങ്ങൾ പ്രകാരം അലൈൻമെന്റ് പുതുക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അതിനു ശേഷം ഇപ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകി ഡി പി ആർ പ്രവർത്തികൾ ആരംഭിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും നിർത്തി വെക്കാൻ കേന്ദ്ര മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം നൽകി. ഡി.പി.ആർ പ്രവർത്തിയുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനം അറിയിക്കാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ റീജിയണൽ ഓഫീസർ MORTH ന് കത്തുകൾ അയച്ചിരുന്നു. തത്വത്തിൽ അംഗീകാരം നൽകിയ 12 ദേശീയപാതകൾ സംബന്ധിച്ച് തീരുമാനം എടുക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറിക്കും സർക്കാർ കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ MORTH -ൽ നിന്നും തീരുമാനം അറിയിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത റോഡ് നിർമ്മിക്കുന്നത് എത്ര മീറ്റർ വീതിയിലാണ്; ഇതിന്റെ അലൈൻമെന്റ് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ